സാധിക്കുന്നു. കൂടാതെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന കടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ ലഭ്യമാണ്.

(ബി) ഉണ്ട്.

(സി) തൊഴിൽ-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി അന്യസംസ്ഥാന തൊഴിലാളികൾക്കായി രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്തുന്ന നടപടി സ്വീകരിച്ചിട്ടില്ല.

ആശുപത്രി വ്യവസായബന്ധ സമിതി

189 (2398) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സമിതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സമിതി രൂപീകരണംവഴി സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമിതി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സ.ഉ (ആർ.റ്റി) നമ്പർ 799/12/തൊഴിൽ പ്രകാരം ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 28-5-2012-ൽ നിലവിൽ വന്നു. ആശുപത്രി വ്യവസായ മേഖലയിൽ സമാധാനവും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പുവരുത്തി മെച്ചപ്പെട്ട തൊഴിലുടമാ-തൊഴിലാളി ബന്ധം ദൃഢപ്പെടുത്തി ഈ മേഖലയിൽ സമാധാന അന്തരീക്ഷം നിലനിർത്തുകയാണ് വ്യവസായബന്ധ സമിതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷ്യം. ആശുപത്രി വ്യവസായ മേഖലയിൽ ധാരാളം സമരങ്ങളും പ്രക്ഷോഭങ്ങളും നടന്ന സാഹചര്യത്തിലാണ് 2012-ൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് വ്യവസായബന്ധ സമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്.

(ബി) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്ത പ്രകാരം സ്വകാര്യ ആശുപത്രി മേഖലയിൽ നിലനിൽക്കുന്ന താരതമ്യേന കുറഞ്ഞ കൂലി നിരക്കാണ് പ്രശ്നങ്ങൾക്കടിസ്ഥാനം എന്നതിനാൽ ഈ രംഗത്ത് മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ വ്യവസായബന്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തി. അതനുസരിച്ച് സമിതി നടത്തിയ വിപുലമായ തെളിവെടുപ്പിന്റെയും ചർച്ചകളുടെയും ഫലമായി നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ 2013 നവംബർ 5-ലെ സർക്കാർ ഉത്തരവ് (എം എസ്.) നം. 135/2013/തൊഴിൽ പ്രകാരം പുതുക്കിയ വേതന നിരക്കുകൾ നിലവിൽവന്നു.

ഈവേതന നിരക്കുകൾ നടപ്പിലാക്കാൻ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെൻറ് ശക്തമായ നടപടികൾ സ്വീകരിച്ചു തുടങ്ങി. ഇത് ഈമേഖലയിലെ തൊഴിൽ സമാധാനം തിരികെ കൊണ്ടുവരാൻ നല്ല രീതിയിൽ സഹായിച്ചു.

കൂടാതെ ഒറ്റപ്പെട്ട രീതിയിൽ സ്വകാര്യ ആശുപത്രികളിൽ ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങളിൽ സമയാസമയം ഇടപെട്ട് പരിഹരിക്കാൻ സമിതി ശ്രമിക്കുന്നുണ്ട്. ഇതിനായി ഒരു ഉപസമിതിയെ വ്യവസായബന്ധ സമിതി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന ജോലിയാണ് വ്യവസായ ബന്ധ സമിതി ആദ്യമായി ഏറ്റെടുത്തത്. സമിതിയുടെ ശുപാർശ പ്രകാരം 5-11-2013-ലെ .സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 135/2013/തൊഴിൽ വിജ്ഞാപന സ്വകാര്യ ആശുപത്രി വ്യവസായ മേഖലയിൽ പുതുക്കിയ വേതന നിരക്ക് നിലവിൽ വന്നു.

തുടർന്ന് നഴ്സിംഗ് ടെയിനികൾക്ക് സ്റ്റൈപ്പന്റ് നിശ്ചയിക്കുന്നതിനും സമിതി മുൻകൈ എടുത്തു. കൂടാതെ സ്വകാര്യ മേഖലയിൽ ആശുപത്രികളിലെ നഴ്സുമാരുടെജോലി സമയം സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വീരകുമാർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ ജോലി സമയം (ഷിഫ്റ്റ് സമ്പ്രദായം) സംബന്ധിച്ച് വ്യവസായബന്ധ സമിതി ചർച്ച ചെയ്തു വരികയാണ്. തൊഴിലാളി-തൊഴിലുടമാ പ്രതിനിധികൾ തമ്മിലുള്ള ചർച്ചകളിലൂടെ ഒരു സമവായത്തിലെത്തി ഇക്കാര്യം നടപ്പിലാക്കാനാണ് സമിതി ശ്രമിക്കുന്നത്. കൂടാതെ ഈ രംഗത്ത് നടക്കുന്ന മറ്റ് തൊഴിൽ ചൂഷണങ്ങളും തൊഴിൽ നിയമ ലംഘനങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ സമിതി ശ്രദ്ധിക്കുന്നുണ്ട്. സമിതിയുടെ ഇത്തരം ഇടപെടലുകളും തീരുമാനങ്ങളും സ്വകാര്യ ആശുപത്രി വ്യവസായ രംഗത്ത് തൊഴിൽ സമാധാനം നിലനിർത്തുന്നതിനും തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും പ്രതിസന്ധി ഉണ്ടായാൽ പരിഹരിക്കുന്നതിനും വലിയ തോതിൽ പങ്കുവഹിക്കുന്നുണ്ട്.

നഴ്സുമാരുടെ ജോലി സമയം സംബന്ധിച്ച തർക്കം ഉയർന്നുവന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച വീരകുമാർ കമ്മിറ്റി റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ വ്യവസായബന്ധ സമിതിയെ തന്നെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് വ്യവസായബന്ധസമിതി ചർച്ചകൾ നടത്തി വരികയാണ്. തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളെ രമ്യതയിൽ എത്തിച്ച് ഈ പ്രശ്നം പരിഹരിക്കാനാണ് ഇപ്പോൾ സമിതി പരിശ്രമിക്കുന്നത്. തുടർന്ന് നഴ്സിംഗ് ടെയിനികൾക്ക് സ്റ്റൈപ്പന്റ് നിശ്ചയിക്കുന്നതിനും സമിതി മുൻകൈയെടുത്തു. ഈ രീതിയിൽ ആശുപത്രി വ്യവസായ രംഗത്ത് ആശാവഹമായ പ്രവർത്തനങ്ങളാണ് സമിതി കാഴ്ച വയ്ക്കുന്നത്.

വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി

190 (2399) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പിന്നോക്ക വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് മാസ്റ്റർ ബിരുദം നേടുന്നതിനായി ഗ്രൂപ്പെടുത്തി വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിനായി 2013-14 , 2014-15 ബഡ്ജറ്റുകളിൽ എത്ര തുക വീതം ഉൾപ്പെടുത്തി; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ?